റിസോർട്ട്സ് കേരള ലിമിറ്റഡ്(TRKL) ഒബ്റോയ്ഗ്രൂപ്പുമായി തുടങ്ങിയ സംയുക്ത സംരംഭമായ "ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് ലിമിറ്റഡ് " എന്ന സംയുക്ത സംരംഭത്തിന് ദീർഘകാലപാട്ടവ്യവസ്ഥയിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് കരാർ ആയിട്ടില്ല. ഈ പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിലുള്ള നിർമ്മാണരീതികൾ സ്വീകരിച്ചു കൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ആലോചനയുള്ളത്.

(സി&ഡി) കേരള സർക്കാർ കമ്പനിയായ TRKL രൂപീകരിച്ചിരിക്കുന്നതു തന്നെ ടൂറിസം മേഖലയിൽ പ്രതിഷ്ഠ നേടിയ സ്ഥാപനങ്ങളുമായി കൂട്ടു സംരംഭങ്ങൾ തുടങ്ങുന്നതിനാണ്. അപ്രകാരം ടാജ്ഗ്രൂപ്പുമായി കൂട്ടുസംരംഭങ്ങൾ നിലവിലുണ്ട്. ഇപ്രകാരം തുടങ്ങിയ കൂട്ടു സംരംഭമായ ഒബ്റോയ് കേരള ഹോട്ടൽ ആന്റ് റിസോർട്ട്സ് ലിമിറ്റഡിന്റെ ഇക്കാര്യത്തിലുള്ള അപേക്ഷ വിശദമായി പരിശോധിച്ച് മുൻകാലങ്ങളിൽ താജ്ഗ്രൂപ്പുമായുള്ള സംയുക്ത സംരംഭത്തിന് സ്ഥലം/കെട്ടിടം മുതലായവ പാട്ടത്തിന് നൽകിയ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ് ദീർഘകാലപാട്ടത്തിന് നൽകാൻ തീരുമാനിക്കുകയാണുണ്ടായത്.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിലെ ജീവനക്കാർ

194 (196) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട് ;

(ബി) ഓരോ ജീവനക്കാരന്റേയും പ്രതിമാസവേതനം എത്രയാണ് ;

(സി) ഇവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സർവ്വീസിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ഒരു സെക്രട്ടറിയെ കൂടാതെ (ശമ്പളസ്കെയിൽ 7800-12975 രൂപ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഓഫീസിൽ 7 ജീവനക്കാരും, വിവിധ യൂണിറ്റുകളിലായി 86 ജീവനക്കാരും ഉണ്ട്.

(ബി) സെക്രട്ടറിയെക്കൂടാതെ ഓഫീസിൽ നിയമിച്ചിട്ടുള്ള 3 ജീവനക്കാർക്ക് (എൽ.ഡി. ക്ലാർക്ക് കം ടൈപ്പിസ്റ്റ്-1 എൽ.ഡി. ക്ലാർക്ക്-1 ഡ്രൈവർ-1) 3050-5230 എന്ന ശമ്പള സ്കെയിൽ വേതനം നൽകിവരുന്നു. ഇവർക്കു പുറമെ 3050 രൂപ അടിസ്ഥാന ശമ്പളമുള്ള സ്കെയിലിൽ ഒരു അക്കൗണ്ടന്റും (താൽക്കാലിക നിയമനം) ഓഫീസിൽ ജോലി ചെയ്യുന്നുണ്ട്. ഓഫീസിലും യൂണിറ്റുകളിലുമായി മറ്റു തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ പ്രതിമാസ വേതന നിരക്ക് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തസ്തിക	പ്രതിമാസ ശമ്പളം (രൂപയിൽ)
1. മാനേജർ /ചീഫ് കോച്ച് (സിമ്മിംഗ്പൂൾ)	2100
2. കുക്ക് ഗ്രേഡ് 1	1800
3. അസിസ്റ്റന്റ് മാനേജർ /ബസ് ഡ്രൈവർ/ ടൈപ്പിസ്റ്റ്/ഇൻഫർമേഷൻ അസിസ്റ്റന്റ്.	1700
4. സെക്യൂരിറ്റി/ബോട്ട് ഡ്രൈവർ/മൊബൈൽ കഫ്റ്റേരിയ ഡ്രൈവർ.	1600
5. ഹെൽപ്പർ /ഗാർഡനർ/ക്ലീനർ (ബസ്) പ്യൂൺ/മെസ്സഞ്ചർ.	1500

(സി) കൗൺസിലിന്റെ ഓഫീസിൽ ജോലി ചെയ്യുന്ന എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ക്ലാർക്ക് കം-ടൈപ്പിസ്റ്റ്, ഡ്രൈവർ എന്നീ മൂന്ന് തസ്തികകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയുള്ളവയാണ്. മറ്റു തസ്തികകളിൽ പ്രവർത്തിക്കുന്നവർ താൽക്കാലിക ജീവനക്കാർ മാത്രമാണ്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വിവിധ യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്ന ആദായത്തിൽ നിന്നുമാണ് ജീവനക്കാർക്ക് ശമ്പളം നൽകേണ്ടത്. ഇതിന് യൂണിറ്റുകൾ ആദായകരമായി പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. എന്നാൽ യൂണിറ്റുകൾ പലതും ഇപ്പോൾ നഷ്ടത്തിലായതിനാലും ജീവനക്കാർ ആവശ്യത്തിലധികമായതിനാലും ഇവരെ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല. കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഈ വക കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്.

കൊടുങ്ങല്ലൂരിലെ സംരക്ഷിത സ്മാരകങ്ങൾ വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് നടപടി

195 (197) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ സ്ഥിതി ചെയ്യുന്ന സംരക്ഷിതസ്മാരകങ്ങളായ പള്ളിപ്പുറം കോട്ട, കോട്ടപ്പുറം കോട്ട, ചേരമാൻ പറമ്പ് എന്നിവയുടെ സമഗ്ര അറ്റകുറ്റപ്പണികൾ നടത്തി ഒരു വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് പുരാവസ്തു വകുപ്പിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ശുപാർശ അംഗീകരിച്ച് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായമായി 40 ലക്ഷം രൂപയും സംസ്ഥാനവിഹിതമായി 10 ലക്ഷം രൂപയും ചേർത്ത് 50 ലക്ഷം രൂപയുടെ പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നത്. കേന്ദ്രസഹായത്തിന്റെ ആദ്യഗഡുവും ലഭ്യമായിട്ടുണ്ട്. പുരാവസ്തുവകുപ്പുവഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly